കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മംഗൽപാടി ഗ്രാമപഞ്ചായത്ത്

# 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ് ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി-5/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

കാസറഗോഡ് ജില്ല

തീയതി.25.01.2017

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മംഗൽപാടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മംഗൽപാടി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ. മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി-5/62/2017 തിയ്യതി:25.01.2017

## കാസറഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11-01-2016 മുതൽ 28-12-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം,

സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 29.12.2016 മുതൽ 04.01.2017 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | സത്യാനന്ദൻ.സി.വി | ഓഡിറ്റ് ഓഫീസർ (30-12-16മുതൽ 31-12-16വരെ) |
| | ലോകേഷ് ആചാരി . ബി. | ഓഡിറ്റ് ഓഫീസർ (29-12-16 മുതൽ) |
| | തോമസ്.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (30-12-16 മുതൽ) |
| | സുനിൽ കുമാർ. എം | സീനിയർ ഗ്രേഡ് ഓഡിറ്റർ (30-12-16 മുതൽ) |
| | കെ.സി.കുഞ്ഞികൃഷ്ണൻ | സീനിയർഗ്രേഡ് ഓഡിറ്റർ (30-12-16 മുതൽ) |
| | ബാബു.എം | സീനിയർഗ്രേഡ് ഓഡിറ്റർ (29-12-16 മുതൽ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ആയിഷത്ത് താഹിറ | 01.04.2015മുതൽ31.10.2015വരെ |
| | ശ്രീ.ഷാഹുൽ ഹമീദ് ബന്ദിയോട് | 19.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ശ്രീ.കെ.ഗിരീഷ ഷെട്ടി (ഇൻ ചാർജ്ജ്) | 01.04.2015മുതൽ 04.8.2015വരെ |
| | ശ്രീ.ടി.പവിത്രൻ | 05.08.2015മുതൽ 31.3.2016വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | കെ.ഗിരീഷ ഷെട്ടി | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.എഞ്ചിനിയർ | ശാലിനി.വി.എസ് | 01.04.2015മുതൽ 10.07.2015 വരെ |
| | തിമ്മ കടിയ.ഒ | 11.07.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | അമ്പുജാക്ഷൻ.ടി | 01.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | കെ.പി ശാന്തി | 01.04.2015മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| വി.ഇ.ഒ (ഇച്ചിലമ്പാടി സർക്കിൾ) | രമേശൻ.എം | 01.04.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ (ഉപ്പള സർക്കിൾ) | പ്രദീപ് കുമാർ.വൈ | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | രവീന്ദ്ര.എം | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ചന്ദ്രബാബു.ഇ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽഓഫീസർ, ആയൂർവേദം | ഡോ.സീമ.വൈ | 01.04.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.സൗമ്യ ഗോപി നാഥൻ | 01.04.2015മുതൽ 30.07.2015 വരെ |
| | ഡോ.രാജേഷ്.എസ്.ആർ | 31.07.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ആഷാ മേരി. സി.എസ് | 01.04.2015മുതൽ 31.03.2016 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഹരിപ്രസാദ്.എസ് | 01.04.2015മുതൽ 3.09.2015 വരെ |
| | സന്തോഷ് കുമാർ.എസ്. | 04.09.2015മുതൽ 18.10.2015 വരെ |
| | രാഘവൻ.കെ | 19.10.2015മുതൽ 27.10.2015 വരെ |
| | സീതാലക്ഷ്മി.ടി. | 28.10.2015മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 11 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുമ്പോൾ ചട്ടപ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല- പഞ്ചായത്തിന് വരുമാന നഷ്ടം | 2-1 |
| 12 | വസ്തു നികുതി പരിശോധന നമ്പറിംഗ് ഫയലുകൾ ഹാജരാക്കിയിട്ടില്ല | 2-2 |
| 13 | റഗുലറൈസേഷൻ ഫീ- ഈടാക്കിയതിൽ കുറവ് | 2-3 |
| 14 | ഷോപ്പിങ്ങ് കോംപ്ലക്സ്- വാടക ഈടാക്കിയിട്ടില്ല | 2-4 |
| 15 | ഡി.&ഒ. ലൈസൻസ് -ഫീ ഈടാക്കിയതിൽ കുറവ് | 2-5 |
| 16 | സ്ഥാപന തൊഴിൽ നികുതി -ഈടാക്കിയിട്ടില്ല | 2-6 |
| 17 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി -ഈടാക്കിയിട്ടില്ല | 2-7 |

| | | |
|---|---|---|
| 18 | ചട്ടവിരുദ്ധമായി കെട്ടിട നമ്പർ അനുവദിക്കുന്നതിലൂടെ വസ്തു നികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നു | 2-8 |
| | ഭാഗം 3 | |
| 19 | കുടിവെള്ളക്കരം -പൊതുടാപ്പുകൾ വ്യക്തിഗത കുടുംബങ്ങൾ ഉപയോഗിക്കുന്ന അപാകതകൾ | 3-1 |
| 20 | തെരുവ് വിളക്ക് വാങ്ങൽ- സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമല്ല | 3-2 |
| 21 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 3-3 |
| 22 | കാട് വെട്ട് യന്ത്രം അധിക നിരക്കിൽ സബ്സിഡി നൽകി -₹70,000 അധിക ചെലവ് | 3-4 |
| 23 | നെൽകൃഷി പ്രോത്സാഹനം മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുക ₹3,66,000 നാളിതുവരെ വിനിയോഗിച്ചിട്ടില്ല | 3-5 |
| 24 | മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയിട്ടില്ല -₹33,000 തടസ്സപ്പെടുത്തുന്നു | 3-6 |
| 25 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-7 |
| 26 | ജല അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-8 |
| 27 | ജലസേചന കിണർ പുനരുദ്ധാരണത്തിന് തുക ഡിപ്പോസിറ്റ് ചെയ്തത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-9 |
| 28 | ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ പദ്ധതികൾ രേഖകളിലെ അപാകതകൾ | 3-10 |
| 29 | ഇ.എം.എസ് ഭവന പദ്ധതി നിരവധി വീടുകൾ പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു. | 3-11 |
| | ഭാഗം 4 | |
| 30 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

<u>അനുബന്ധപത്രികകൾ</u>

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26-03-2015 ലെ ഭരണസമിതി തീരുമാനം നമ്പർ 185/15 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 1,07,49,100 |
| വരവ് | 8,81,12,000 |
| ആകെ | 9,88,61,100 |
| ചെലവ് | 8,46,76,000 |
| നീക്കിയിരിപ്പ് | 1,41,85,100 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 31-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 04-01-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1. ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ സൂചിപ്പിച്ച ന്യൂനതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു .

1)ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.

2)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3)ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം, ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.ഓരോ മാസാന്ത്യവും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.

4)ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5) കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന്

പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-2016 |
|---|---|
| മുന്നിരിപ്പ് | 7,34,85,434 |
| വരവ് | 6,38,86,576 |
| ആകെ | 13,73,72,010 |
| ചെലവ് | 8,20,86,887 |
| നീക്കിയിരിപ്പ് | 5,52,85,123 |

(രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കാണ് മേൽ ചേർത്തിട്ടുള്ളത്.)

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 74,79,711 | - | +1,18,18,705 | 1,92,98,416 | 1,92,98,416 | - |
| വികസനഫണ്ട് എസ്.സി.പി. | 20,71,961 | 54,00,965 | (-) 20,71,961 | 54,00,965 | 54,00,965 | - |
| വികസനഫണ്ട് ടി.എസ്.പി. | 25,000 | 1,90,000 | (-) 25,000 | 1,90,000 | 1,90,000 | - |
| സംരക്ഷണഗ്രാന്റ് റോഡ് | 18,71,106 | 15,29,942 | +1,81,391 | 35,82,439 | 35,82,439 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 33,23,878 | 10,25,287 | (-)1,81,391 | 41,67,774 | 41,67,774 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 28,73,555 | 86,43,422 | (-) 44,28,741 | 70,88,236 | 70,88,236 | - |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 52,93,003 | 45,51,044 | (-)52,93,003 | 45,51,044 | 45,51,044 | - |
| ബി ഫണ്ട് | 0 | 3,61,29,595 | 0 | 3,61,29,595 | 3,61,29,595 | - |
| MGNREGA | 45,158 | 30,05,484 | 0 | 30,05,484 | 30,49,067 | 1,575 |

(* കുറിപ്പ്. (GO(P) No.419/2015/Fin Dt.19-09-2015 കാണുക).

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനംപദ്ധതി അവലോകനം. |
|---|---|---|---|---|
| 226 | 148 | 17 | 79 | 89 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോ ദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2015-16 വർഷ ത്തിൽ നടപ്പാക്കേണ്ട | 2015-16 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | ചെലവ് ശതമാനം. |
|---|---|---|---|---|

| | | പദ്ധതികളുടെ വിവരം | | | | |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 28 | 2,43,88,717 | 10 | 70,46,204 | 28.89 |
| 2 | അസി.സെക്രട്ടറി | 9 | 30,23,000 | 8 | 18,54,093 | 61.33 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 141 | 5,22,86,848 | 83 | 2,62,52,248 | 50.20 |
| 4 | കൃഷി ഓഫീസർ. | 6 | 40,89,992 | 6 | 37,16,375 | 90.86 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | 11 | 1,46,30,000 | 10 | 69,25,000 | 47.33 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 10 | 55,42,500 | 9 | 47,79,371 | 86.23 |
| 7 | വെറ്റിനറി സർജ്ജൻ | 6 | 7,30,500 | 6 | 5,69,114 | 77.90 |
| 8 | മെഡിക്കൽ ഓഫീസർ, -പി.എച്ച്.സി. | 2 | 5,26,006 | 1 | 3,81,588 | 72.54 |
| 9 | മെഡിക്കൽ ഓഫീസർ, -ആയുർവ്വേദം. | 2 | 2,20,000ഭാഗം 3 | 2 | 2,20,000 | 100 |
| 10 | മെഡിക്കൽ ഓഫീസർ, -ഹോമിയോ | 3 | 3,85,500 | 3 | 3,35,500 | 87.02 |
| 11 | ഫിഷറീസ് ഇൻസ്പെക്ടർ | 2 | 6,88,000 | 1 | 64,000 | 9.30 |
| 12 | പ്രധാനാധ്യാപകൻ | 6 | 28,25,000 | 9 | 26,94,883 | 95.39 |
| | അകെ | 226 | 10,93,36,063 | 148 | 5,48,38,376 | 50.15 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 12.62% ശതമാനം കുറവാണ് ഉണ്ടായിട്ടുള്ളത്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 94,57,963 | 85,31,272 | (-) 9,26,691 | (-) 9.79 |
| നികുതിയേതര വരവുകൾ | 66,41,902 | 55,35,450 | (-) 11,06,452 | (-) 16.65 |
| ആകെ | 1,60,99,865 | 1,40,66,722 | (-) 20,33,143 | (-) 12.62 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 58,200 | 35 |
| കർഷക തൊഴിലാളി പെൻഷൻ | 3,95,520 | 96 |
| വിധവാ പെൻഷൻ | 1,50,56,160 | 1816 |
| വാർദ്ധക്യകാല പെൻഷൻ | 1,62,73,830 | 2012 |
| വികലാംഗ പെൻഷൻ | 32,84,560 | 484 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 30,080 | 13 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 9,00,000 | 42 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-12-2016 ന് (3.30 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29,102രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുമ്പോൾ ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല പഞ്ചായത്തിന് വരുമാന നഷ്ടം

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ ഈ കാലയളവിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിക്കുമ്പോൾ ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയതായി കാണുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2) ടേബിൾ 2 അനുസരിച്ച് ഗാർഹിക ആവശ്യങ്ങൾക്ക് ഉപയാഗിക്കുന്ന കെട്ടിടങ്ങളുടെ കൈവശാവകാശ ഗണം 'A1(b)' ആണ്. ഈ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതം '1.75' ആണ്. അധികം വരുന്ന ഓരോ ചതുരശ്ര മീറ്ററിനും 500 രൂപ നിരക്കിൽ അധിക ഫീസ് വാങ്ങി പരമാവധി '2.25' വരെ തറ വിസ്തീർണ്ണാനുപാതം അനുവദിക്കാവുന്നതാണ്. എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നിർമ്മിച്ച താഴെ വിവരിക്കുന്ന കെട്ടിടത്തിന് നിർമ്മാണ പെർമിറ്റ് നൽകുമ്പോൾ അധിക ഫിസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതത്തിലും ഉപരിയായി തറ വിസ്തീർണ്ണാനുപാതം അനുവദിച്ച് കൊണ്ട് നിർമ്മാണ പെർമിറ്റ് അനുവദിച്ചതായി കാണുന്നു. എന്നാൽ, അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന തറ വിസ്തീർണ്ണാനുപാതം അനുവദിക്കുന്നതിന് ചട്ടങ്ങളിലെ പട്ടിക 2 കോളം 6 -ലെ അധിക ഫീസ് ഇടാക്കിയതായി കാണുന്നുമില്ല. തറ വിസ്തീർണ്ണാനുപാതം കണക്കാക്കുമ്പോൾ പല കെട്ടിട ഭാഗങ്ങളും ഉൾപ്പെടുത്താതെയാണ് പ്ലാൻ സമർപ്പിച്ചത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | മൂസാകുഞ്ഞി.ബി.എം |
| സർവ്വെ നം,വില്ലേജ് | 138/2 ലെ 26 സെന്റ് (1052m2) , possession certificate no 5928400/dt 26.04.2014. , ഉപ്പള. |
| പെർമ്മിറ്റ് നം. | 216/2014-15 |

കെട്ടിടത്തിന്റ അളവ്- കെട്ടിടത്തിന്റെ തരം - ഗാർഹിക കെട്ടിടം.

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ/ഫ്ലോർ ഏരിയ |
|---|---|
| BF(CELLAR) | 13.21 m2 |
| GF | 48.86 m2 |
| FF | 423.65 m2 |
| SF | 423.65 m2 |
| TF | 423.65 m2 |
| FO F | 423.65 m2 |
| FI F | 154.62 m2 |
| TERRACE F | 11,02 m2 |
| Total | 1922.31 m2 |

കെട്ടിടത്തിൻറ തറ വിസ്തീർണ്ണാനുപാതം = 1922.31/1052 = 1.83

അനുവദനീയമായ തറ വിസ്തീർണ്ണാനുപാതം = 1.75 x 1052= 1841 m2

ഓരോ ചതുരശ്ര മീറ്ററിനും 500 രൂപ അധിക ഫീസ് ഇടാക്കി അനുവദിക്കാവുന്ന കെട്ടിട വിസ്തീർണ്ണം = 2.25 x 1052 m2

=2367m2 ആണ്. ഇവിടെ അധിക നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ അളവ് താഴെ കൊടുക്കുന്നു.

കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ – അനുവദനീയമായ തറ വിസ്തീർണാനുപാതം= 1922.31 – 1841 = 81.31 m2 (അധിക നിർമ്മാണം - 81.31 m2) .

അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് 40,655/- രൂപ (81.31 x 500 = 40,655/-) ഉടമയിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. അയത് ഈടാക്കിയതായി കാണുന്നില്ല. കൂടാതെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ,ചട്ടം 11(3) (ഷെഡ്യൂൾ II) പ്രകാരം കാറ്റഗറി II ഗ്രാമപഞ്ചായത്തിൽ 100 ച.മീ താഴെയുള്ള ഗ്രൂപ്പ് AI വാസഗൃഹങ്ങൾക്ക് ച.മീ ന് 1.5 രൂപ നിരക്കിലും 150 ച.മീ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് 3 രൂപ നിരക്കിലും മറ്റെല്ലാവിധ ഒക്യുപൻസികൾക്കും ച.മീ ന് 5 രൂപ നിരക്കിലും പെർമിറ്റ് ഫീ ഈടാക്കേണ്ടതുണ്ട്. ഈ കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണം 1922.31 m2 ആണ്. അതുപ്രകാരം ഈടാക്കേണ്ടിയിരുന്ന പെർമിറ്റ് ഫീ m2 ന് 3 രൂപ പ്രകാരം 5,767/- രൂപയാണ്. ഈടാക്കിയത് 5,415 രൂപയാണ്(Rt no 1903/15 dt 23.03.15) കുറവ് വന്ന തുക 352 രൂപ . മേൽ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനു വേണ്ടി നല്കിയ ഓഡിറ്റ് എൻക്വയറി നം.9 /04.01.2017 ന് യാതൊരു മറുപടിയും നല്കിയില്ല. ആയതിനാൽ നഷ്ട തുക 41,017 (40,655+352) രൂപ ഉത്തരവാദപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പരിശോധന - നമ്പറിങ് ഫയലുകൾ ഹാജരാക്കിയിട്ടില്ല.

താഴെ കൊടുത്തിട്ടുള്ള നമ്പറിങ് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല,

| സീ.നം | ഉടമസ്ഥന്റെ പേര് | കെട്ടിട നം | അസസ്സ്മെന്റ് തീയ്യതി |
|---|---|---|---|
| 1 | Moideenabba | VI-376 B to M | 9.2.16 |
| 2 | Ayishabi | I – 419 A to B | 5.2.16 |
| 3 | Abdulla Hammed | XIII- 239A to J | 15.10.15 |
| 4 | Shankara Bose | XIV -13 A | 28.5.15 |
| 5 | Moidukunhi | XIV-203 B to N & 238 A to 238 k | 5.3.16 |
| 6 | Muhammed Shafi & Muhammed Nisam | XXII- 297 B1 to 297 B 63 | 7.6.15 |
| 7 | Muhammed Ibrahim & Muhammed Haneefa | XXII- 254 A33 to 254 A 90. | 7.6.15 |
| 8 | Ummer | IV-1358 A to Z & A1 to A17 | 4.6.15 |
| 9 | Mohammed Iqbal | IV-1465 A to Q | 13.11.15 |

മുകളിൽ വിവരിച്ച കെട്ടിടങ്ങൾക്ക് 2015-16 സാമ്പത്തിക വർഷം നമ്പറിംഗ് അനുവദിച്ചതാണ് . മേൽ ഫയലുകൾ എത്രയും പെട്ടെന്ന തന്നെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് .(ഓഡിറ്റ് എൻക്വയറി നം.10 /04.01.2017).

## 2-3 റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ,ചട്ടം 11(3) (ഷെഡ്യൂൾ II) പ്രകാരം കാറ്റഗറി 2 ഗ്രാമപഞ്ചായത്തിൽ 150 ച.മീ താഴെയുള്ള ഗ്രൂപ്പ് A2 വാസഗൃഹങ്ങൾക്ക് ച.മീ ന് 1.5 രൂപ നിരക്കിലും 150 ച.മീ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് 3 രൂപ നിരക്കിലും മറ്റെല്ലാവിധ ഒക്യുപൻസികൾക്കും ച.മീ ന് 5 രൂപ നിരക്കിലും പെർമിറ്റ് ഫീ ഈടാക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 137 ൽ 4 ക്രമവൽക്കരണം രാജിയാക്കൽ ഫീസ്, പ്രാബല്യത്തിലിരിക്കുന്ന പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. 2015-16 വർഷത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ ക്രമവൽക്കരണം ചെയ്ത കെട്ടിടത്തിന്റെ രാജിയാക്കൽ ഫീ ഈടാക്കിയതിൽ താഴെ ചേർക്കും വിധം കുറവ് വന്നതായി കാണുന്നു.

| ക്രമ നമ്പർ | പെർമിറ്റ് നമ്പർ, റഗുലറൈസേഷൻ തിയ്യതി | അപേക്ഷകന്റെ പേര് | തറവിസ്തീർണം, ഒക്യുപൻസി, comp തീയ്യതി | രാജിയാക്കൽ ഫീ | ഈടാക്കിയ തുക | കുറവ് വന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 101/2011-12 | Jameela banu&Mohammed Iqbal | 1935.91m2, റസിഡൻഷ്യൽ, 09.06.2015 | 1935.91x3x2=11,616 | 3,170 | 8,446 | കെട്ടിട നം- IV 1465A |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | മുതൽ Q വരെ |

ഇത് സംമ്പന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയെ (നം.1 /31.12.2016) തുടർന്ന് കുറവ് വന്ന 8,446 രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

## 2-4 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തിൽ മംഗൽപാടി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക താഴെ പറയുന്ന വാടകക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | പേര് / കെട്ടിട നമ്പർ | മാസ വാടക | ഒടുക്കാൻ ബാക്കിയുള്ള കാലയളവ് | ഒടുക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | അബ്ദുൾ റഹമാൻ<br>s/o മൊയ്തീൻകുട്ടി<br>IV / 506 | 7,400 + ST<br>1,110 | 4/ 2015 മുതൽ<br>3/2016 വരെ<br>(88,800+13,320) | 1,02,120 |
| 2 | ഇസ്മയിൽ<br>S/O മുഹമ്മദ്<br>IV / 533 | 10,680 + ST<br>1,602 | 8/2015 മുതൽ<br>3/2016 വരെ<br>(85,440+12,816) | 98,256 |
| 3 | ഉപ്പള ബസ്റ്റാന്റ് കലക്ഷൻ<br>നിസ്സാർ<br>S/O മുഹമ്മദ് | 50,000<br>( 4,625 ) | 8/2015 മുതൽ<br>3/2016 വരെ | 27,750 |
| | | | ആകെ | 2,28,126 |

ഷോപ്പിംഗ് കോംപ്ലക്സ് വാടക ഇനത്തിൽ 2,00.376 രൂപയും, ഉപ്പള ബസ്റ്റാന്റ് കലക്ഷൻ ഇനത്തിൽ 27,750 / രൂപയും ഉൾപ്പടെ ആകെ 2,28,126/-രൂപ എത്രയും പെട്ടന്ന് ഉത്തരവാദിയായവരിൽ നിന്നും പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നമ്പർ -6/ 04-01-2017 )

## 2-5 ഡി ആന്റ് ഒ ലൈസൻസ് ഫീ - ഈടാക്കിയതിൽ കുറവ്.

2015-16സാമ്പത്തിക വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് ഫീ രജിസ്റ്ററുകളും,അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ 1996 – ലെ കേരള പഞ്ചായത്ത് രാജ് ( ആപൽകരണവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടം 7 പ്രകാരം രണ്ടാം പട്ടികയിൽ വിവരിക്കുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടില്ലാത്തതായി കാണുന്ന വിശദവിവരം താഴെ കൊടുക്കുന്നു.

| ലൈസൻസിന് അപേക്ഷിച്ച വ്യാപാരിയുടെ പേര്,<br>(ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ക്രമ നമ്പർ) & കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ സ്വഭാവം | ഒരു ദിവസത്തെ വിറ്റ് വരവ് (ഡി & ഒ ലൈസൻസ്അപേക്ഷ പ്രകാരം ) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|
| മുഹമ്മദ് ഹനീഫ.കെ<br>64/15-16 | സ്വർണ്ണം,വെള്ളി വിൽപ്പന നടത്തുന്നതിന് വേണ്ടി | 12,000 | 300 | 100<br>Rt.No.0094/ 04-04-2015 | 200 |

| | | | | | |
|---|---|---|---|---|---|
| MP IV/1361,1340AB | | | | | |
| ഷോപ്പ് മാനേജർ<br>മാവേലി സ്റ്റോർ,ഉപ്പള<br>96/2015-16<br>MP XIX / 693,694,695 | മാവേലി സ്റ്റോർ | 27,000 | 1000 | 500<br>Rt.No.0381/ 13-04-15 | 500 |
| ജി.സുധാകര<br>103/15-16-II/748 | ഫ്യൂവൽസ് | 2,00,000 | 4000 | 500<br>Rt.No.0437/ 16-04-15 | 3,500 |
| ആകെ | | | | | 4,200 |

ഡി.&ഒ. ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് വരുവാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിനുവേണ്ടി ഓഡിറ്റ് എൻക്വയറി നമ്പർ 6/04-01-2017 പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്ന ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കുറവ് വന്ന തുക 4,200/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നമ്പർ -6/ 04-01-2017 )

## 2-6 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരം / തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധ വാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെപറയുന്ന സ്ഥാപനം അവയുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | കർണ്ണാടക ബാങ്ക്, കൈകംമ്പ | 2015-16ഒന്നാം അർദ്ധവർഷം |
| 2 | മാനേജർ, പോപുലർ വെഹിക്കിൾ സർവ്വീസ്, ഉപ്പള | 2015-16ഒന്നാം അർദ്ധവർഷം |
| 3 | കേരള ഗ്രാമീൺ ബാങ്ക് , ജോഡ്ക്കല്ല് | 2015-16ഒന്നാം അർദ്ധവർഷം |
| 4 | മാവേലി സ്റ്റോർ,ഉപ്പള | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 5 | മെഡി കെയർ ഹോസ്പ്പിറ്റൽ,ഉപ്പള | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 6 | ബെസ്റ്റ് ക്ലിനിക്ക് | 2015-16ഒന്നാം അർദ്ധവർഷം |
| 7 | സൌത്ത് ഇന്ത്യൻ ബാങ്ക് ,പച്ചംമ്പല | 2015-16ഒന്നാം അർദ്ധവർഷം |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട അർദ്ധവർഷങ്ങളിലെ സ്ഥാപന നികുതി ഈടാക്കി വിവരം ഓഡിറ്റിന് അറിയിക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നമ്പർ -6/ 04-01-2017 )

## 2-7 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2015-16 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|

| | | |
|---|---|---|
| 1 | ഡ്രൈവർ,മംഗൽപാടി ഗ്രാമ പഞ്ചായത്ത് | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | കെ.വി.ആർ ഡ്രീം വെഹിക്കിൾ പ്രൈവറ്റ് ലിമിറ്റഡിലെ ജീവനക്കാർ | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നമ്പർ -6/ 04-01-2017 )

## 2-8 ചട്ടവിരുദ്ധമായി കെട്ടിട നമ്പർ അനുവദിക്കുന്നതിലൂടെ വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നു.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം.2(എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്. എന്നാൽ ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്. ഇരു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടത്തിലെ (സ.ഉ.(അച്ചടി).നം.88/2013/ത.സ്വ.ഭ.വ തീയതി.13.03.2013) ആറാം പട്ടിക പ്രകാരം അവയുടെ തറനിർമിതിക്ക് ഇറ്റാലിയൻ മാർബിളോ ഗ്രാനൈറ്റോ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻ മേൽ വരുത്തേണ്ട15% വർദ്ധനയും വരുത്താൻ സാധിക്കുന്നില്ല. ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിനു 70/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിനു നാളിതുവരെയുള്ള വർഷങ്ങളിൽ നികുതിയിനത്തിൽ വൻ നഷ്ടമാണ് സംഭവിച്ചിട്ടുള്ളത്.ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ മുൻവർഷങ്ങളിൽ പണി പൂർത്തിയായ 100 ച.മീറ്ററിലധികം തറ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ഇത്തരത്തിൽ ചട്ടവിരുദ്ധമായി നികുതി നിർണയിച്ചതിലൂടെ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നു പരിശോധിച്ച് കുടിശ്ശിക സഹിതം നഷ്ടം നികത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ളക്കരം -പൊതു ടാപ്പുകൾ വ്യക്തിഗത കുടുംബങ്ങൾ ഉപയോഗിക്കുന്നു- അപാകതകൾ

2015-16 വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി (141/16) വെള്ളക്കരം കുടിശ്ശികയിനത്തിൽ 8,95,457 രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട് (ട്രഷറി ബിൽ.നം.1തി.21-08-15 ₹5,39,768& ട്രഷറി ബിൽ. നം 21തി.23-03-16 ₹ 3,55,689). 2015 സെപ്തംബർ മാസം മുതൽ 271 ടാപ്പുകൾക്ക് പ്രതിമാസം 5,250 രൂപ നിരക്കിൽ 1,18,563 രൂപ വീതമാണ് ഒടുക്കി വരുന്നത്. പൊതുടാപ്പുകളുടെ സംയുക്ത പരിശോധന ഭാഗികമായി നടത്തിയതായി ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിക്കുകയുണ്ടായി. സംയുക്ത പരിശോധന നടത്തി തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം ആകെയുള്ള 113 പൊതു ടാപ്പുകളിൽ ഭൂരിഭാഗവും ചില കുടുംബങ്ങൾ വ്യക്തിപരമായി ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള പരിശോധനയ്ക്ക് ജല അതോറിറ്റി അധികൃതർ സഹകരിച്ചിട്ടില്ലയെന്ന് ഗ്രാമ പഞ്ചായത്ത് അധികൃതർ വിശദീകരിക്കുകയുണ്ടായി. മേൽ പരാമർശിത ലിസ്റ്റിൽ പൊതു ടാപ്പുകൾ വ്യക്തിപരമായി ഉപയോഗിക്കുന്നതായി സൂചിപ്പിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്.നമ്പർ | പൊതു ടാപ്പ് വ്യക്തിപരമായി ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം (ഒരു ടാപ്പ് ഒരു കുടുംബം മാത്രം ഉപയോഗിക്കുന്നത്) | റിമാർക്സ് |
|---|---|---|---|
| 1 | 9 | 15 | പൊതു ടാപ്പുകൾ വീടിന്റെ സമീപമോ, കോമ്പൗണ്ടിനുള്ളിലോ സ്ഥാപിക്കപ്പെട്ടിരിക്കുന്നു |
| 2 | 7 | 1 | „ |
| 3 | 19 | 10 | .. |
| 4 | 14 | 2 | „ |
| 5 | 13 | 5 | „ |
| 6 | 12 | 8 | „ |
| 7 | 18 | 1 | „ |
| 8 | 8 | 9 | „ |
| | ആകെ | 51 | |

മേൽ പരാമർശിക്കപ്പെട്ട 51കുടുംബങ്ങളുടെ വിശദവിവരം ഗ്രാമ പഞ്ചായത്തിൽ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംയുക്ത പരിശോധന നടപടി പൂർത്തിയാക്കുവാനും വ്യക്തിപരമായി ഉപയോഗിക്കുന്നതായി കണ്ടെത്തുന്ന ടാപ്പുകൾ മേൽ പരാമർശിക്കപ്പെട്ട 51ടാപ്പുകൾ ഉൾപ്പടെ ഒഴിവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ പാലിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ വെള്ളക്കരമിനത്തിൽ ജല അതോറിറ്റിയിൽ ഒടുക്കിയ 8,95,457 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 തെരുവ് വിളക്ക് വാങ്ങൽ -സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമല്ല

സ്പിൽ ഓവർ പദ്ധതിയായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2015-16 വർഷം നടപ്പാക്കിയ Proj.No.149/15-16 പ്രകാരം ഓഡിറ്റ് വർഷം 9,33,845രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് . പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ 450 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത വകയിൽ 1,43,140 രൂപ എവർ ലൈറ്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇതു പ്രകാരം റിപ്പയർ പ്രവൃത്തി നടത്തിയതായി ഗ്രാമ പഞ്ചായത്തംഗങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പദ്ധതിച്ചെലവിൽ അവശേഷിച്ച 7,90,705 രൂപ 1,100എണ്ണം വിവിധയിനം തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി (DD.No.683857/ 25.01.16) ക്രൂസ് കാസറഗോഡിന് നൽകിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ വാങ്ങുന്നതിന് മുമ്പ് കൃത്യമായ ആവശ്യകത നിർണ്ണയിക്കുവാൻ ഗ്രാമ പഞ്ചായത്ത് അധികൃതർക്ക് സാധിച്ചിട്ടില്ല. ക്രൂസിൽ നിന്നും ലഭിച്ച തെരുവ് വിളക്കുകളുടേയും അനുബന്ധ സാമഗ്രികളുടേയും വിശദാംശങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് ക്രൂസ് അധികൃതരോ, ഗ്രാമപഞ്ചായത്ത് അംഗങ്ങളോ സാക്ഷ്യപത്രം നൽകിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് മുഴുവൻ വാർഡുകളിലും തെരുവ് വിളക്ക് സ്ഥാപിച്ചത് സംബന്ധിച്ച് ക്രൂസ് അധികൃതരിൽ നിന്നും, കെ.എസ്.ഇ.ബി അധികൃതരിൽ നിന്നും, ഇലക്ട്രിക് പോസ്റ്റ് നമ്പർ സഹിതമുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രവും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് . വർഷം തോറും തെരുവ് വിളക്ക് പരിപാലനം, സ്ഥാപിക്കൽ എന്നിവയ്ക്കായി ഭീമമായ തുക ഗ്രാമ പഞ്ചായത്ത് ചെലവഴിക്കുന്നുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം ,ഇനം, വൈദ്യുത നിരക്ക് എന്നിവ വിശദമാക്കുന്ന തെരുവ് വിളക്ക് രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ഇക്കാര്യം പരിശോധിച്ച് ,

ഭാവിയിൽ തെരുവ് വിളക്ക് സ്ഥാപിക്കലുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനു മുമ്പായി നിലവിലുള്ള തെരുവ് വിളക്കുകളുടെ കൃത്യമായ കണക്കെടുപ്പ് നടത്തി ആവശ്യകത നിർണ്ണയിക്കേണ്ടതും തെരുവ് വിളക്ക് രജിസ്റ്റർ നിർദ്ദിഷ്ടമാതൃകയിൽ തയ്യാറാക്കേണ്ടതുമാണ്. മേൽ പരാമർശിത അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതുവരെ തെരുവ് വിളക്കുകൾ വാങ്ങുന്നതിനായി ക്രൂസിന് നൽകിയ 7,90,705 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യകത നിർണ്ണയിക്കാതെ ഉപകരണങ്ങൾ വാങ്ങിക്കുന്നതുമൂലം ഗ്രാമ പഞ്ചായത്തിന് നേരിടേണ്ട നഷ്ടത്തിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കും.

## 3-3 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷം വിവിധ പദ്ധതികൾയ്ക്കായി 28,32,250 രൂപ മറ്റ് സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല.. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം / തിയതി/ | തുക | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | പ്രൊ.നം. 5/16 NPRPD വിഹിതം | Bill.No.20/ 23-03-16 | 3,50,000 | ജില്ലാ പഞ്ചായത്ത് കാസറഗോഡ് |
| 2 | സെക്രട്ടറി | പ്രൊ.നം. 148/16 പ്ലാസ്റ്റിക് ഷ്രഡ്ഡിങ്ങ് യൂണിറ്റ് വൈദ്യുതി ലൈൻ വിപുലീകരണം | DD.No. 642980/ 25-07-15 | 2,82,250 | കെ.എസ്.ഇ.ബി ഉപ്പള |
| 3 | ഹെഡ്മാസ്റ്റർ | SSA വിഹിതം നല്കൽ | 941811/01.10.15 | 22,00,000 | പ്രൊജക്ട് ഓഫീസർ SSA, കാസർഗോഡ് |
| | | | ആകെ | 28,32,250 | |

## 3-4 കാട് വെട്ട് യന്ത്രം -അധിക നിരക്കിൽ സബ്സിഡി നൽകി -₹70,000 വികസനഫണ്ടിൽ നിന്നും അധികച്ചെലവ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ 2015-16 വർഷം നടപ്പാക്കിയ പ്രൊജക്ട് നമ്പർ 23/16 പ്രകാരം കാട്ടുവെട്ട് യന്ത്രം വാങ്ങിയ ഗുണഭോക്താക്കൾക്കുള്ള സബ്സിഡിയിനത്തിൽ ട്രഷറി ബിൽ നം 10/15-16 തിയതി 31-03-16 പ്രകാരം 1,60,000 രൂപ പിൻവലിച്ച് 18 ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് NEFTമുഖേന നൽകിയിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്) നം.362/13തിയതി 16-11-13 ) പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്ക് കാട്ടുവെട്ട് യന്ത്രം വാങ്ങുന്നതിന് പരമാവധി നൽകാവുന്ന സബ്സിഡി തുക 5,000രൂപയാണ്. എന്നാൽ മേൽ പദ്ധതിപ്രകാരം 17 പേർക്ക് 9,000 വീതവും 1 ഗുണഭോക്താവിന് 7,000 രൂപയും സബ്സിഡി നൽകി കാണുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക നിരക്കിൽ സബ്സിഡി അനുവദിച്ചതിനാൽ വികസനഫണ്ടിൽ നിന്നും 70,000രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്. അധിക നിരക്കിൽ സബ്സിഡി നൽകിയ ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച സബ്സിഡി തുക | അർഹമായ സബ്സിഡി തുക | അധികം നൽകിയ സബ്സിഡി |
|---|---|---|---|---|
| 1 | തേജാക്ഷി | 9,000 | 5,000 | 4,000 |
| 2 | എം.ജഗന്നാഥ | 9,000 | 5,000 | 4,000 |

| | | | | |
|---|---|---|---|---|
| 3 | ഗോപാൽഷെട്ടി | 9,000 | 5,000 | 4,000 |
| 4 | കൃഷ്ണ ഷെട്ടി | 9,000 | 5,000 | 4,000 |
| 5 | ശാന്ത ആൾവ.എം | 7,000 | 5,000 | 2,000 |
| 6 | ശ്രീനിവാസ മൂല്യ | 9,000 | 5,000 | 4,000 |
| 7 | ഇബ്രാഹിം .യു.കെ | 9,000 | 5,000 | 4,000 |
| 8 | ഉബൈദ് റഹ്മാൻ | 9,000 | 5,000 | 4,000 |
| 9 | അബ്ദുൾ റഷീദ് | 9,000 | 5,000 | 4,000 |
| 10 | ലക്കു ഗംഭീര | 9,000 | 5,000 | 4,000 |
| 11 | എം.ബാബു | 9,000 | 5,000 | 4,000 |
| 12 | രാജേഷ് നായിക് | 9,000 | 5,000 | 4,000 |
| 13 | ചന്ദ്രശേഖര ഭണ്ഡാരി.എം | 9,000 | 5,000 | 4,000 |
| 14 | കാമാക്ഷി.എസ്.ഷെട്ടി | 9,000 | 5,000 | 4,000 |
| 15 | ചിതാനന്ദ. | 9,000 | 5,000 | 4,000 |
| 16 | ബീഫാത്തിമ | 9,000 | 5,000 | 4,000 |
| 17 | സുബ്രഹ്മണ്യ.യു | 9,000 | 5,000 | 4,000 |
| 18 | അബൂബക്കർ | 9,000 | 5,000 | 4,000 |
| | ആകെ | 1,60,000 | 90,000 | 70,000 |

മേൽ പരാമർശിച്ചപ്രകാരം അധികം നൽകിയ 70,000രൂപ ഉത്തരവാദപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിലിലേയ്ക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 നെൽകൃഷി പ്രോത്സാഹനം -മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച 3,66,000 രൂപ നാളിതുവരെ വിനിയോഗിച്ചിട്ടില്ല .

2015-16 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയ നെൽകൃഷി കൂലിച്ചെലവ് വിതരണ പദ്ധതി (പ്രൊ.നം.15/16) യുടെ ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച 1,50,000രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച 90,000രൂപയും, നെല്ലുൽപാദക ബോണസിനത്തിൽ ലഭിച്ച 1,26,000 രൂപയും നിർവ്വഹണ ഉദ്യോഗസ്ഥൻ നാളിതുവരെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല . പ്രസ്തുത തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി തുകകൾ നിക്ഷേപിക്കുന്ന ഗ്രാമീണ ബാങ്ക് ഉപ്പള ശാഖയിലുള്ള 00003193നമ്പർ അക്കൗണ്ടിൽ സ്ഥിതിചെയ്യുകയാണ്. മേൽ പരാമർശിച്ചവയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 90,000 രൂപ നേരിട്ട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതാണ്(CL-189613-B/28-03-16).ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാമ പഞ്ചായത്തുമുഖേനയും (ചെ.നം.746015തി. 25-02-15), നെല്ലുൽപാദക ബോണസ് 1,26,000 രൂപ ട്രഷറി ബിൽ നം 7/19-03-16 പ്രകാരം പിൻവലിച്ചുമാണ് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളത്. നെൽകൃഷി പ്രോത്സാഹനത്തിനായി വിവിധ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും, സർക്കാരിൽ നിന്നുംമായി ലഭിച്ച 3,66,000 രൂപ തുക ലഭിച്ച് പത്ത് മാസത്തോളം കഴിഞ്ഞിട്ടും നാളിതുവരെ വിനിയോഗിക്കുവാൻ സാധിക്കാതിരുന്നത് ധനവിനിയോഗം സംബന്ധിച്ച് നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളുടെ ഗുരുതര ലംഘനമായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു. ഇക്കാര്യം പരിശോധിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.തുക വിനിയോഗിക്കുവാൻ സാധിക്കാത്തപക്ഷം മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകൾ പ്രസ്തുത സ്ഥാപനങ്ങൾമുഖേനയും, ട്രഷറിയിൽ നിന്നും പിൻവലിച്ച തുക നേരിട്ടും സഞ്ചിത നിധിയിലേയ്ക്ക് അടവാക്കേണ്ടതാണ്. തുക വിനിയോഗിക്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസറിൽ നിന്നും ഭരണസമിതി തലത്തിൽ വിശദീകരണം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പരാമർശിത നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ 3,66,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയിട്ടില്ല 33,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.മംഗൽപാടി |
| പ്രോജക്ട് നമ്പർ | SO.44/15-16 |
| പ്രോജക്ടിന്റെ പേര് | പലിയേറ്റീവ് ഗൃഹപരിചരണ പരിപാടി |
| ട്രഷറി നമ്പർ ബിൽ നമ്പർ | 3/15-16 തുക 94,648 / 26-02-2016(വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്) |
| ട്രഷറി നമ്പർ ബിൽ നമ്പർ | 5/15-16 തുക 18,000 / 30-07-2015 (വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെക്ക് നമ്പർ | 0683045 / 22-03-16 തുക 82,000/- ( തനത് ഫണ്ട്) |

(1) പാലിയേറ്റീവ് ഗൃഹപരിചരണ പദ്ധതിക്കുവേണ്ടി മരുന്ന് വാങ്ങുന്നതിനായി 26-02-2016 ലെ ട്രഷറി ബിൽ നമ്പർ 3/2015-16 പ്രകാരം മുൻകൂറായി 15,000/-രൂപ പിൻവലിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് നൽകിയിട്ടുണ്ട് ( ഡി.ഡി.നമ്പർ 836297/07-06-2016). എന്നാൽ നാളിതുവരെയായും മരുന്നുകൾ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല.മേൽ സാഹചര്യം വിശദീകരിക്കുന്നതിനുവേണ്ടി ഓഡിറ്റ് എൻക്വയറി നമ്പർ 7/04-01-2017 പ്രകാരം മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിരുന്നു ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 15,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(2) പാലിയേറ്റീവ് ഗൃഹപരിചരണ പദ്ധതിക്കുവേണ്ടി ഉപകരണങ്ങൾ വാങ്ങുന്നതിനായി 30-07-2015 ലെ ട്രഷറി ബിൽ നമ്പർ 5/2015-16 പ്രകാരം മുൻകൂറായി 18,000/-രൂപ പിൻവലിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് നൽകിയിട്ടുണ്ട് ( ഡി.ഡി.നമ്പർ 836298/07-06-2016) എന്നാൽ നാളിതുവരെയായും ഉപകരണങ്ങൾ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല.മേൽ സാഹചര്യം വിശദീകരിക്കുന്നതിനുവേണ്ടി ഓഡിറ്റ് എൻക്വയറി നമ്പർ 7/04-01-2017 പ്രകാരം മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിരുന്നു ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 18,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.( ഓഡിറ്റ് എൻക്വയറി നമ്പർ -7/ 04-01-2017 )

## 3-7 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രവർത്തികളിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

1)പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ,കസേര.

പ്രൊജക്ട് നം- എസ്.ഒ.251/ 2015-16

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ,കസേര.

അടങ്കൽ- 4,00,000 രൂപ (വികസന ഫണ്ട് scp)

ബില്ല് നം-5/ dt 31.03.16. 3,08,000രൂപ.

പഞ്ചായത്തിലെ 100 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകുക എന്ന ലക്ഷ്യത്തോടുകൂടി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം, ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ലഭ്യമായ ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട്ചെയ്ത തോട്ടത്തിൽ എന്റെർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും 2,200/- രൂപ നിരക്കിൽ 100 സ്റ്റീൽ

മേശയും, 880/- രൂപ നിരക്കിൽ 100 പ്ലാസ്റ്റിക്ക് കസേരയും അടക്കം മൊത്തം 3,08,000/- രൂപയ്ക്ക് ഫർണിച്ചറുകൾ വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സ.ഉ.(എ.എസ്.)നം.362/2013/ത.സ്വ.ഭ.വ.,തിരുവനന്തപുരം,തീയതി 16-11-2013 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന കസേരയും മേശയും സ്റ്റീൽ അല്ലെങ്കിൽ മര നിർമിതമായിരിക്കണമെന്നും, പട്ടികജാതി വികസന വകുപ്പിൽ നിന്നോ, മറ്റു സ്രോതസ്സുകളിൽ നിന്നോ ഉപകരണം ലഭ്യമായവർക്ക് പഞ്ചായത്തിൽ നിന്ന് നൽകേണ്ടതില്ല എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇവിടെ ഉത്തരവിൽ പറഞ്ഞതിനു വിരുദ്ധമായി പ്ലാസ്റ്റിക്ക് കസേരയാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. മാത്രമല്ല,പട്ടികജാതി വികസന വകുപ്പിൽ നിന്ന് മേശയും കസേരയും ലഭ്യമാക്കിയിട്ടില്ല എന്ന സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.അപാകതയ്ക്ക് വിശദീകരണം നല്കുന്നതിനു വേണ്ടി നല്കിയ ഓഡിറ്റ് എൻക്വയറി നം.8 /04.01.2017 ന് യാതൊരു മറുപടിയും നല്കിയില്ല ആയതുകൊണ്ട് ഈ പ്രവർത്തിക്കു വേണ്ടി ചെലവഴിച്ച 3,08,000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു, .

2)ചെലവ് വൗച്ചർ ഹാജരാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം | ബില്ല് നം - തീയ്യതി | തുക | ഹാജരാക്കിയചെലവ് വൗച്ചർ (തുക) | ഹാജരാക്കാത്ത ചെലവ് വൗച്ചർ (തുക) |
|---|---|---|---|---|
| 136/16 | 6/ 31,3,2016 | 75,000 | 50,000 | 25,000 |
| 13/16 | 9/31,3,2016 | 1,20,000 | 80,000 | 40,000 |

മുകളിൽ വിവരിച്ച തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്,( ഓഡിറ്റ് എൻക്വയറി നം.8 /04.01.2017)

3)വീട് നിർമ്മാണം. എസ്.സി

പ്രൊജക്റ്റ് നം- 137/ 2015-16 , നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

വീട് നിർമ്മാണം-എസ്.സി

അടങ്കൽ- 2,50,000 (വികസന ഫണ്ട്-scp )

ബില്ല് നം-6/ dt 31.03.16-- 75,000 രൂപ.

വീട്നിർമ്മാണം എസ്.സിയിൽ ഉൾപ്പെട്ട ശ്രീമതി.ചോമു,w/oഗുരുവ, എന്ന ഗുണഭോക്താവിനെയാണ് ഈ ഭവന പദ്ധതിക്ക് വേണ്ടി തെരഞ്ഞെടുത്തത്. എന്നാൽ ഗുണഭോക്താവ് ഭവന നിർമ്മാണം തുടങ്ങിയിട്ടുമില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നം.8 /04.01.2017).

## 3-8 കേരള ജല അതോരിട്ടിക്ക് ഡിപ്പോസിറ്റ് ചെയ്തത്-വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയിട്ടില്ല

അസി.എൻജിനിയർ 2015-16 വർഷത്തിൽ താഴെ കാണിച്ച പ്രവൃത്തികൾക്കായി കേരള ജല അതോരിട്ടിക്ക് ഡിപ്പോസിറ്റ് നടത്തിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ്പരിശോധനയ്ക്ക് ഹാജറാക്കിയിട്ടില്ല.ആയതിനാൽ 21,08,461 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്ര.നം | പ്രോജക്റ്റ് നം | ബിൽ നം/തീയതി | തുക | പ്രോജക്റ്റിന്റപേര് |
|---|---|---|---|---|
| 1 | 203/16 | 67/15-16<br>31-03-16 | 7,27,461<br>SCP | കോമാറു പട്ടിക ജാതി കോളനി കുടിവെള്ള പദ്ധതി |
| 2 | 186/16 | 73/15-16<br>31-03-16 | 1,40,000<br>SCP | പത്വാടി ടി |
| 3 | 115/16 | 71/15-16<br>31-03-16 | 6,00,000<br>SCP | കോടിബയൽ ടി |

| | | | | |
|---|---|---|---|---|
| 4 | 116/16 | 72/15-16<br>31-03-16 | 6,41,000<br>SCP | ഷിരിയ ടി |
| | | | 21,08,461 | |

(ഡി.ഡി.നം 197865/15-06-2016)

(ഓഡിറ്റ് അന്വേഷണം നം L(1) dt 04-01-2017)

## 3-9 ജലസേചന കിണറുകളുടെ പുനരുദ്ധാരണത്തിനു ഡിപ്പോസിറ്റ് നടത്തിയത്- വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയിട്ടില്ല-

അസി.എഞ്ചിനിയർ 2015-16 വർഷത്തിൽ താഴെ കാണിച്ച പ്രവൃത്തികൾക്കായി കേരള ഭൂജല വകുപ്പിനു ഡിപ്പോസിറ്റ് നടത്തിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജറാക്കിയിട്ടില്ല.ആയതിനാൽ 6,69,598 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം L(1) dt 04-01-2017)

| ക്ര.നം | പ്രോജക്ട് നം | ബിൽ നം/തീയതി | തുക | പ്രോജക്ടിന്റെപേര്/വിശദീകരണം |
|---|---|---|---|---|
| 1 | 187/16 | 68/15-16<br>31-03-2016 | 1,69,598<br>MGNR | 17 ജലസേചന കിണറുകളുടെ പുനരുദ്ധാരണം |
| 2 | 113/16 | 69/15-16<br>31-03-2016 | 1,81,391<br>MGNR | 50 ജലസേചന കിണറുകളുടെ പുനരുദ്ധാരണം |
| 3 | | 70/15-16<br>31-03-2016 | 3,18,609<br>MGNR | |
| | | ആകെ | 6,69,598 | (ഡി.ഡി.നം197840/12-05-2016) |

## 3-10 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ രേഖകളിലെ അപാകതകൾ

(എ) Uppala Railway Station Road- Opposite sea shore foot path concreting

അസി.എൻജിനിയർ 2015-16 വർഷത്തിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ താഴെ കാണിച്ച പ്രവൃത്തികളുടെ എൻ.എം.ആറിൽ തൊഴിൽ ചെയ്യവരുടെ അക്വിറ്റൻസ് ഇല്ല. തൊഴിൽ ചെയ്യവർ പണം കൈപറ്റിയതിന്റെ രേഖ ഇല്ലാത്തത് പ്രവൃത്തി നടക്കാത്തതിന്റെ, തുക നൽകാത്തതിന്റെ സൂചനയാണ്. വിശദീകരണം താഴെ നൽകുന്നു

| | |
|---|---|
| പ്രോജക്ടിന്റെപേര്/ | Uppala Railway Station Road Opposite sea shore foot path concreting |
| പ്രോജക്ട് നം | 86/16 |
| അളവ് മൂല്യം | 4,00,000 ( 3,69,661+30,339)(FCG) |
| ബിൽ നം./തീയതി | 20/15-16 തിയതി. 30-01-2016 |
| തുക | 3,93,003 |
| കൺവീനരുടെ പേര് | ഹസ്സൻ കമൽ |
| അളവ് പുസ്തക നം. | 29/15-16 |

എൻ.എം.ആർ. ന്റെ വിശദീകരണം താഴെ നൽകുന്നു.

| ക്ര.നം | തൊഴിൽ ചെയ്യവരുടെ എണ്ണം | തൊഴിൽ ചെയ്യ ദിവസങ്ങൾ | തൊഴിൽ ചെയ്യ ആകെ | വേതനം | ആകെ തുക |
|---|---|---|---|---|---|

| | | | ദിവസങ്ങൾ | | |
|---|---|---|---|---|---|
| 1 | 5 | 3 | 15 | 500 | 7,500 |
| 2 | 4 | 4 | 16 | 750 | 12,000 |
| 3 | 1 | 8 | 8 | 600 | 4,800 |
| 4 | 11 | 8 | 88 | 500 | 44,000 |
| 5 | 4 | 5 | 20 | 500 | 10,000 |

1.എൻ.എം.ആർ. പ്രകാരമുള്ള തുക തൊഴിലാളികൾക്ക് നൽകിയതിന്റെ രേഖ ഇല്ല
2.എൻ.എം.ആർ. നിർവ്വഹണ ഉദ്യോഗസ്ഥർ പരിശോധിച്ച് അംഗീകരിച്ചിട്ടില്ല.

3.ഗുണഭോക്തൃ കമ്മിറ്റിയുടെ വരവ്-ചെലവ് കണക്കുകൾ കമ്മിറ്റി അംഗീകരിച്ചിട്ടില്ല.

(ഓഡിറ്റ് അന്വേഷണം നം. L(3) തീയതി 04-01-2016)
ഈ കാരണങ്ങളാൽ 3,93,003 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ഇ.എം.എസ്.ഭവന പദ്ധതി -പൂർത്തീകരിക്കുവാൻഅവശേഷിക്കുന്നത് നിരവധി വീട്ടുകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഇ.എം.എസ് ഭവന പദ്ധതി പ്രകാരം നിർമ്മാണമാരംഭിച്ചവയിൽ 63 വീട്ടം, 2011-12 വർഷത്തെ എസ്.സി. ഭവന പദ്ധതിപ്രകാരം നിർമ്മാണമാരംഭിച്ച 3വീട്ടം, 2012-13 വർഷത്തെ എസ്.സി. ഭവന പദ്ധതിപ്രകാരം നിർമ്മാണമാരംഭിച്ച 3വീട്ടം നാളിതുവരെയായിട്ടും പൂർത്തിയാക്കിയിട്ടില്ലായെന്ന് അറിയിക്കുകയുണ്ടായി. ഇവയെല്ലാം നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലെത്തി നിൽക്കുന്നവയാണ്. നിരന്തരം ആവശ്യപ്പെട്ടിട്ടും ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കുവാൻ തയ്യാറാകുന്നില്ലയെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് പാതിവഴിയിൽ നിലച്ച വീട്ടുകളുടെ നിർമ്മാണം നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കു വിധേയമായി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ ഭരണസമിതി തലത്തിൽ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാസറഗോഡ് ജില്ലാ പഞ്ചായത്ത് | 2015-16 | 1,50,000 | നെൽകൃഷി വികസനം | - | 1,50,000 |
| മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 90,000 | നെൽകൃഷി വികസനം | - | 90,000 |
| മഞ്ചേശ്വരംബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,82,250 | പ്ളാസ്റ്റിക് ഷ്രഡ്ഡിങ്ങ് യൂണിറ്റ് വൈദ്യുത ലൈൻ വിപുലീകരണം | 1,82,250 | - |

| | | | | | |
|---|---|---|---|---|---|
| | | | | | |

വിവിധ പദ്ധതികൾക്കായി മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് ചെലവഴിക്കുവാനവശേഷിക്കുന്ന തുക വിനിയോഗിക്കുവാൻ സാധിക്കാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രൊ.നം. 203/16<br>കോമാറു എസ്.സി.കോളനി കുടിവെള്ള പദ്ധതി | DD.No.197865<br>15-06-2016<br>Bill.No.67/<br>31-03-16 | 7,27,461 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | 7,27,461 |
| കേരള വാട്ടർ അതോറിറ്റി | പ്രൊ.നം. 186/16<br>പത്വാടി എസ്.സി.കോളനി കുടിവെള്ള പദ്ധതി | DD.No.197865<br>15-06-2016<br>Bill.No.73/<br>31-03-16 | 1,40,000 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | 1,40,000 |
| കേരള വാട്ടർ അതോറിറ്റി | പ്രൊ.നം. 115/16<br>കോടിബയൽ എസ്.സി.കോളനി കുടിവെള്ള പദ്ധതി | DD.No.197865<br>15-06-2016<br>Bill.No.71/<br>31-03-16 | 6,00,000 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | 6,00,000 |
| കേരള വാട്ടർ അതോറിറ്റി | പ്രൊ.നം. 116/16<br>ഷിറിയ കുന്ന് എസ്.സി.കോളനി കുടിവെള്ള പദ്ധതി | DD.No.197865<br>15-06-2016<br>Bill.No.72/<br>31-03-16 | 6,41,000 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | 6,41,000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കാസറഗോഡ് | പ്രൊ.നം. 113/16<br>ഗ്രാമ പഞ്ചായത്തിലെ 50കുഴൽകിണറുകളുടെ റിപ്പയർ | Bill.No.68/<br>31-03-16 | 1,69,598 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | 1,69,598 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കാസറഗോഡ് | പ്രൊ.നം. 113/16<br>ഗ്രാമ പഞ്ചായത്തിലെ 50കുഴൽകിണറുകളുടെ റിപ്പയർ | Bill.No.70/<br>31-03-16 | 3,18,609 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | 3,18,609 |
| ഗ്രൗണ്ട് വാട്ടർ | പ്രൊ.നം. 187/16 | Bill.No.69/ | 1,81,391 | വിനിയോഗ | 1,81,391 |

| | | | | | |
|---|---|---|---|---|---|
| ഡിപ്പാർട്ട്മെന്റ് കാസറഗോഡ് | ഗ്രാമ പഞ്ചായത്തിലെ 17കുഴൽകിണറുകളുടെ റിപ്പയർ | 31-03-16 | | സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല. (ഇ.എം.എസ് ഭവന പദ്ധതി വായ്പ തുക 2014-15 വർഷം അടച്ച് തീർത്തിട്ടുണ്ട്.)

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-1998 (plan) | 2-12 | 2006-07 | 3.100.1(2) | KSEB ഡിപ്പോസിറ്റ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തത്. | തുടരുന്നു |
| 2001-02 (plan) | 2-12 | 2006-07 | 3.100.2(3) | മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാത്തത്. | തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹6,38,86,576 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹8,20,86,887 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹45,217 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹70,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹51,71,221 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | ₹41,017 | - | കെ.ഗിരീഷ് ഷെട്ടി അസി.സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്ജ്) |
| 2-5 | ₹4,200 | - | കെ.ഗിരീഷ് ഷെട്ടി അസി.സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്ജ്) |
| 3-4 | - | ₹70,000 | അമ്പുജാക്ഷൻ.ടി. കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 8,95,457 | ടി. പവിത്രൻ, സെക്രട്ടറി |
| 3-2 | 7,90,705 | ടി. പവിത്രൻ, സെക്രട്ടറി |
| 3-5 | 3,66,000 | അമ്പുജാക്ഷൻ.ടി, കൃഷി ഓഫീസർ |
| 3-6 | 33,000 | രാജേഷ് കുമാർ.എസ്. ആർ മെഡിക്കൽ ഓഫീസർഅലോപ്പതി |
| 3-7 | 3,08,000 | കെ.ഗിരീഷ് ഷെട്ടി, അസി.സെക്രട്ടറി |
| 3-8 | 21,08,461 | തിമ്മക്കുടിയ.ഒ, അസി.എഞ്ചിനിയർ |
| 3-9 | 6,69,598 | തിമ്മക്കുടിയ.ഒ, അസി.എഞ്ചിനിയർ |
| അസി | 51,71,221 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.ഗിരീഷ ഷെട്ടി അസി.സെക്രട്ടറി | അസി.സെക്രട്ടറി, പൈവളികെ ഗ്രാമ പഞ്ചായത്ത് | സ്കന്ദ, ദേവീപുര ടെമ്പിൾ റോഡ് , കുഞ്ചത്തൂർ.പി.ഒ, മഞ്ചേശ്വരം, കാസറഗോഡ് ജില്ല. |
| ടി.അമ്പുജാക്ഷൻ കൃഷി ഓഫീസർ | കൃഷി ഓഫീസർ, പടന്ന ഗ്രാമ പഞ്ചായത്ത് | തടിയൻ കൊവ്വൽ വീട്, ഉദിനൂർ പി.ഒ, കാസറഗോഡ് ജില്ല, 671 310 |

## 4-9 തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളു ടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1984-85 | എൽ.എഫ്.സി12/1422/90 തീ.10.09.1990 | 13 |
| 1985-86 | എൽ.എഫ്.സി7/1125/90 തീ.10.01.1990 | 14 |
| 1986-87 | എൽ.എഫ്.സി12/447/92 തീ.03.04.1992 | 19 |
| 1987-88<br>1988-89 | എൽ.എഫ്.സി7/1703/92 തീ.22.04.1993 | 11 |
| 1989-90<br>1990-91 | എൽ.എഫ്.കെ.എസ്.ഡി.1/309/94 | 4 |
| 1989-90 to<br>1993-94 | ജെ.ആർ.വൈ.A/C എൽ.എഫ്.കെ.എസ്.ഡി.1/311/94 തീ.16.11.94 | 9 |
| 1991-92 to<br>1993-94 | എൽ.എഫ്.കെ.എസ്.ഡി.5/308/00 തീ.13.02.01/22.06.01 | 10 |
| 1994-95<br>1995-96 | എൽ.എഫ്.കെ.എസ്.ഡി.5/348/03 തീ.16.09.03 | 2 |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി.5/517/98 തീ.06.02.99 | 10 |
| 1997-98(F) | എൽ.എഫ്.കെ.എസ്.ഡി.4/538/06 തീ.08.03.07 | 7 |
| 1998-1999(F) | എൽ.എഫ്.കെ.എസ്.ഡി.4/566/07 തീ.04.06.07/26.05.08 | 18 |
| 1999-2000(P) | എൽ.എഫ്.കെ.എസ്.ഡി.6/762/03 | 4 |
| 1999-2000(F) | എൽ.എഫ്.കെ.എസ്.ഡി.4/559/06 തീ.04.06.07 | 27 |
| 2000-01(P) | എൽ.എഫ്.കെ.എസ്.ഡി.6/763/03 തീ.03.06.06 | 5 |
| 2001-02(P) | എൽ.എഫ്.കെ.എസ്.ഡി.6/764/03 തീ.04.06.06 | 3 |
| 2001-2002 | എൽ.എഫ്.കെ.എസ്.ഡി.4/658/12 തീ.03.11.12 | 13 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി.4/435/12 തീ.10.09.12 | 4 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.4/659/12 തീ.02.11.12 | 9 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.4/660/12 തീ.02.11.12 | 7 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.4/661/12 തീ.15.11.12 | 3 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.4/662/12 തീ.15.11.12 | 13 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.4/293/13 തീ.26.03.13 | 17 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.4/684/12 തീ.24.07.13 | 12 |
| 2008-09<br>2009-10 | എൽ.എഫ്.കെ.എസ്.ഡി.4/793/12 തീ.21.02.13/02.04.13 | 23 |
| 2010-11 | കെ.എസ്.എ.കെ.എസ്.ഡി.9/604/15 തീ.01.09.2015 | 18 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി.9/786/14 തീ.06.03.15 | 9 |
| 2012-13<br>2013-14 | എൽ.എഫ്.കെ.എസ്.ഡി.9/823/14 തീ.18.09.14 | 10 |
| 2014-15 | കെ.എസ്.എ.കെ.എസ്.ഡി.5/198/16 തീ.19.03.16 | 27 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി /5/62/ 2017

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്
E-mail:-
doksd.ksad@kerala.gov.in

തീയതി.25.01.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, മംഗൽപാടി ഗ്രാമ പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി

ഡയറക്ടർ

കേരള സംസ്ഥാന

ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്

No. KSA-KSD/5/62/2017

Kerala State Audit Department

District Audit Office,Kasaragod – 671123

E-mail:- doksd.ksad@kerala.gov.in

Dated:25.01.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Mangalpady Grama Panchayat in Kasaragod District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mangalpady Grama Panchayat for the year 2015-16, except the observations in Para No. 1-(3) of my Audit Report, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kasaragod